(iii) സ്വാലിഹ്നബി

ആദ് സമുദായത്തിന് ശേഷം അറേബ്യയിൽ ജീവിച്ച പ്രബല സമുദായമായിരുന്ന ഥമൂദ് ജനതയിലേക്ക് ദൈവദൂതുമായി നിയോഗിക്കപ്പെട്ട പ്രവാചകനാണ് സ്വാലിഹ്നബി. അറേബ്യയുടെ വടക്കു പടിഞ്ഞാറായി സ്ഥിതിചെയ്യുന്ന അൽഹിജ്ർ പ്രദേശമായിരുന്നു ഥമൂദ് ജനതയുടെ വാസസ്ഥലം. ഥമൂദ് ജനതയെ ബാധിച്ച ബഹുദൈവത്വത്തിൽനിന്ന് അവരെ ശുദ്ധീകരിക്കുകയായിരുന്നു സ്വാലിഹ്നബിയുടെ പ്രബോധനത്തിന്റെ ഒന്നാമത്തെ ലക്ഷ്യം.

അല്ലാഹു ഒട്ടേറെ അനുഗ്രഹങ്ങൾ ഥമൂദ് ജനതക്ക് നല്കിയിരുന്നു. എന്നാൽ അക്കാര്യം അംഗീകരിച്ചും അനുസ്മരിച്ചും ഭൂമിയിൽ സമാധാനത്തോടെ ജീവിക്കുന്നതിന് പകരം കുഴപ്പവും നാശവും ഉണ്ടാക്കുകയാണവർ ചെയ്തത്. അതിനാൽ സ്വാലിഹ്നബി അവരോട് പറഞ്ഞു: ''നിങ്ങൾ ഓർത്തുനോക്കുക. ആദിന് ശേഷം അല്ലാഹു നിങ്ങളെ പ്രതിനിധികളായി നിശ്ചയിച്ചു. ഭൂമിയിൽ നിങ്ങൾക്കവൻ അധിവാസ സൗകര്യങ്ങൾ നല്കി. അതിലെ സമതലങ്ങളിൽ നിങ്ങൾ ഉന്നത സൗധങ്ങൾ പണിയുന്നു. പർവതങ്ങൾ തുരന്ന് ഭവനങ്ങൾ നിർമിക്കുന്നു. അതെ, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിങ്ങൾ ഓർക്കുക. ഭൂമിയിൽ നാശകാരികളായി വിഹരിക്കാതിരിക്കുക.'' (അൽഅഅ്റാഫ് 74)

എക്കാലത്തെയും പോലെ സ്വാലിഹ്നബിയെ അവിശ്വസിക്കുകയും എതിർക്കുകയും ചെയ്തത് സ്വസമുദായത്തിലെ പ്രമാണിമാരും നേതാക്കളുമായിരുന്നു. അഹങ്കാരികളായിരുന്നവർ ദുർബല വിഭാഗത്തിലെ വിശ്വാസികളോട് പരിഹാസപൂർവം പറഞ്ഞു: ''നിങ്ങൾ വിശ്വസിച്ചിരിക്കുന്നതിനെ ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു.''(അൽ അഅ്റാഫ് 76)

ഥമൂദ് ഗോത്രത്തിലെ സാധാരണക്കാർ നാശകാരികളും അതിക്രമകാരികളുമായ അധികാരിവർഗത്തിന്റെ ആജ്ഞാനുവർത്തികളായാണ് ജീവിച്ചിരുന്നത്. അതിനാൽ സ്വാലിഹ് അവരോട് കല്പിച്ചു: ''നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. എന്നെ അനുസരിക്കുകയും ചെയ്യുക. അതിക്രമികളുടെ ആജ്ഞകൾ നിങ്ങളനുസരിക്കരുത്; അതായത് നാട്ടിൽ നാശമുണ്ടാക്കുകയും നന്മ വരുത്താതിരിക്കുകയും ചെയ്യുന്നവരുടെ.''(അശ്ശുഅറാഅ് 151–152).

സ്വാലിഹ്നബിയുടെ പ്രബോധനം ലക്ഷ്യമാക്കിയ മറ്റൊരു പ്രധാന കാര്യം തന്റെ ജനതയുടെ ഭൗതികരംഗത്തെ ജീർണതയുടെ ശുദ്ധീകരണമായിരുന്നു. ഐഹിക ജീവിത സൗകര്യങ്ങളിൽ മതിമറന്ന് ഥമൂദ് ജനത പൊങ്ങച്ചപ്രകടനത്തിനായി പർവത പ്രദേശങ്ങളിൽ പടുകൂറ്റൻ കെട്ടിടങ്ങൾ കെട്ടിയുയർത്തി. സ്വാലിഹ്നബി അവരോട് ചോദിച്ചു: ''ഇവിടെയുള്ള സുഖാനന്ദങ്ങളിൽ നിർഭയരായി കഴിഞ്ഞുകൂടാൻ നിങ്ങളെ വിട്ടേക്കുമോ? ആരാമങ്ങളിലും അരുവികളിലും കാർഷിക വിളകളിലും മുറ്റിയ കൂമ്പുള്ള ഈന്തപ്പനകളിലും സുഖിച്ച് കഴിയാൻ! നിങ്ങൾ സാമോദം മലകളിൽ പാറകൾ തുരന്ന് വീടുകളുണ്ടാക്കുന്നു.'' (അശ്ശുഅറാഅ് 146–149).

തികഞ്ഞ ഗുണകാംക്ഷയോടുകൂടി സ്വാലിഹ് പ്രബോധനം ചെയ്തിട്ടും അദ്ദേഹത്തിന്റെ ജനതയിൽ ഭൂരിപക്ഷവും അവിശ്വസിക്കുകയാണുണ്ടായത്. അവരിലെ നേതാക്കളാകട്ടെ സ്വാലിഹ്നബിയിൽ ദുശ്ശകുനമാരോപിക്കുകയും അവസാനം അദ്ദേഹത്തെ വധിക്കാൻ ഗൂഢാലോചന നടത്തുകയും ചെയ്തു. എന്നാൽ സ്വാലിഹ് എല്ലാ എതിർപ്പുകളെയും അവഗണിച്ച് തന്റെ പ്രബോധന പ്രവർത്തനങ്ങൾ അവിരാമം തുടർന്നു.

പ്രബോധനത്തിന്റെ പ്രാരംഭ ഘട്ടത്തിൽ തന്നെ പ്രതിയോഗികൾ അദ്ദേഹത്തിന്റെ പ്രവാചകത്വത്തിന് തെളിവുകൾ ആവശ്യപ്പെട്ടിരുന്നു. അവർ പറഞ്ഞു: ''നീ ഞങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്. അതിനാൽ നിന്റെ ദൗത്യത്തിന് ഒരു ദൃഷ്ടാന്തം കൊണ്ടുവരിക. നീ സത്യവാദിയാണെങ്കിൽ'' (അശ്ശുഅറാഅ് 154). അങ്ങനെ തന്റെ പ്രവാചകത്വത്തിന് തെളിവായി സ്വാലിഹ് ഒരൊട്ടകത്തെ കാണിച്ചുകൊടുത്തെങ്കിലും പ്രസ്തുത ഒട്ടകത്തെ അറുക്കാൻ മാത്രം അവർ ദൈവധിക്കാരികളായിത്തീർന്നു. ഒടുവിൽ ആ ജനതയെ അല്ലാഹു നശിപ്പിച്ചുകളയുകയാണ് ചെയ്തത്. സ്വാലിഹിനെയും അനുചരന്മാരെയും അല്ലാഹു രക്ഷിക്കുകയും ചെയ്തു.